ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയിൽ നടത്തുന്ന പരിസ്ഥിതി പ്രശ്നത്തെക്കുറിച്ചുള്ള ജോയിന്റ് പാർലമെന്ററി കമ്മിറ്റിയുടെ റിപ്പോർട്ട് പാർലമെന്റിൽ 5-ാം തീയതി സമർപ്പിക്കും എന്നാണ് അറിയുന്നത്. ഇക്കാര്യത്തെക്കുറിച്ച് ജനങ്ങളുടെ പരാതിയും ഉത്കണ്ഠയും പൂർണ്ണമായും ഈ ഗവൺമെന്റ് ഉൾക്കൊള്ളും. അതേസമയത്ത് കീടനാശിനികളെക്കുറിച്ച് ഗവൺമെന്റിന് ലഭിച്ച റിപ്പോർട്ടുകളിൽ 76 സാമ്പിളുകൾ സംസ്ഥാനത്ത് അനലറ്റിക്കൽ ലാബ് പരിശോധിച്ചു. ഇവയിൽ ഒന്നും തന്നെ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടില്ല. എന്നാൽ കേന്ദ്ര അംഗീകൃത ലാബോറട്ടറികളായ S.G.S. Chennai, Test House, Wintalab, Hyderabad, Sreeram Research Institute, Bangalore എന്നീ ലാബോറട്ടറികളിലും പരിശോധിക്കുകയുണ്ടായി. ഇവയിൽ ശ്രീറാം ഇൻസ്റ്റിട്യൂട്ടിൽ പരിശോധിച്ചതിൽ കൊക്കകോള സാമ്പിളിലും ടെസ്റ്റ് സാമ്പിളിലും കീടനാശിനിയുടെ അംശം ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. അനുവദനീയമായ അളവിലും നേരിയ തോതിൽ ഇന്റർനാഷണൽ സ്റ്റാന്റേർഡിൽ കൂടുതലാണ്. ഇൻഡ്യയിൽ പ്രത്യേകമായ ഒരു സ്റ്റാന്റേർഡ് നിശ്ചയിച്ചിട്ടില്ല. അങ്ങനെ സ്റ്റാന്റേർഡ് നിശ്ചയിച്ചു കഴിഞ്ഞാൽ ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും നടപടി സ്വീകരിക്കാൻ സാധിക്കും. അതേയവസരത്തിൽ തന്നെ കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് ഇതിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻവേണ്ടി C.W.R.D.M.-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. C.W.R.D.M. വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ആ ഡിവിഷൻ ബഞ്ചിന്റെ തീരുമാനത്തിന് വിധേയമായിട്ട് വിദഗ്ദ്ധ സമിതി റിപ്പോർട്ട് നൽകുകയും ചെയ്യും എന്നാണ് അറിയാൻ സാധിച്ചത്. ആ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ ജെ. പി. സി.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു തീരുമാനം എടുത്തുകഴിഞ്ഞാൽ അല്പം പോലും മടിയില്ലാതെ ആവശ്യമായ നടപടികൾ സംസ്ഥാന ഗവൺമെന്റ് വളരെ വേഗം സ്വീകരിക്കുമെന്നും ഈ ഉത്കണ്ഠയിൽ പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് ജനങ്ങളോടൊപ്പമാണെന്നും അറിയിക്കുന്നു.

(2) സെറിഫെഡിലെ തൊഴിലാളികൾക്ക് ശമ്പളം ലഭിക്കാത്തതു സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കേരളത്തിലെ സെറിഫെഡിൽ ഏകദേശം മുന്നൂറോളം ആളുകൾ ജോലി ചെയ്യുകയാണ്. അടുത്ത കാലത്തായി ഇത് വളരെയധികം വളർന്നു. ധാരാളം ജോലി സാദ്ധ്യതയും ചെറുകിട കൃഷിക്കാർക്ക് കൂടുതൽ വരുമാനവും ഉണ്ടാക്കാൻ കഴിഞ്ഞ ഒരു സ്ഥാപനമാണ്. ആ മുന്നൂറോളം തൊഴിലാളികൾക്ക് കഴിഞ്ഞ ആറേഴു മാസക്കാലമായി ശമ്പളം ലഭിച്ചിട്ടില്ല. ആ തൊഴിലാളികൾ വളരെയധികം പട്ടിണിയിലും കഷ്ടപ്പാടിലുമാണ്. അതിന്റെ ഫലം, ആ സെറിഫെഡ് തന്നെ തകർന്നു പോകാനും അത് കേരളത്തിന്റെ ഗ്രാമീണ സമ്പദ്ഘടനയെ വളരെയധികം പ്രതികൂലമായി ബാധിക്കാനും ഇടയുണ്ട്. അതുകൊണ്ട് അടിയന്തിരമായി അവരുടെ ശമ്പളം കൊടുക്കാൻവേണ്ടിയുള്ള നടപടി ഗവൺമെന്റ് കൈക്കൊള്ളണമെന്നാണ് എനിക്ക് അറിയിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): ഇവിടെ പറഞ്ഞ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. വളരെയധികം തൊഴിൽ സാദ്ധ്യതയുള്ള ഒരു രംഗമാണിത്. ഇത് കഴിഞ്ഞ കൊല്ലത്തേക്കാൾ കൂടുതൽ വളർച്ച കാണിക്കുന്നുമുണ്ട്. പക്ഷേ സാമ്പത്തിക പ്രതിസന്ധി കാരണം കഴിഞ്ഞ ആഗസ്റ്റ് മാസം ഒന്നാം തീയതി 1 മുതൽ അവിടെ ശമ്പളം കൊടുക്കുന്നില്ല. അത് വളരെ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. ഏതായാലും അവിടെ ശമ്പളം കൊടുക്കുന്നതിനും ഇനി വരുന്ന സാമ്പത്തിക വർഷം ശമ്പളം മുടങ്ങാതെ കൊടുക്കാനും മറ്റു ഭരണ ചെലവുകൾക്കും എല്ലാം കൂടി നോക്കിയിട്ട് 250 ലക്ഷം രൂപയുടെ ആവശ്യമുണ്ട്. അത് അടിയന്തിരമായി അനുവദിക്കണമെന്നുള്ള നിർദ്ദേശം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലാണ്.

(3) ചെറുകിട തോട്ടം മേഖലയിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, ചെറുകിട തോട്ടം മേഖലയിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് ക്ഷേമനിധി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. വളരെ തുച്ഛമായ കൂലിയാണ് ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ഇപ്പോഴും ലഭിക്കുന്നത്. കാർഷികോൽപ്പന്നങ്ങൾക്ക് പ്രത്യേകിച്ച്, റബ്ബറിന്റെയുൾപ്പെടെ വിലയിടിവുണ്ടായിരുന്ന സന്ദർഭത്തിൽ ഇങ്ങനെ ഒരു ആലോചന നടത്താൻ ഗവൺമെന്റിന് സാധിക്കാത്ത ഒരു സാഹചര്യം ഉണ്ടായിരുന്നു എന്നാണ് ഇതിനു മുൻപ് ചൂണ്ടിക്കാണിച്ചത്. കാർഷികോൽപ്പന്നങ്ങൾക്ക് പ്രത്യേകിച്ച് റബ്ബറിനൊക്കെ സാമാന്യം ഉല്പാദനചെലവുമായിട്ട് ബന്ധപ്പെട്ടുകൊണ്ട് വില മെച്ചപ്പെട്ട ഈ സാഹചര്യത്തിൽ പാവപ്പെട്ട തൊഴിലാളികൾക്ക് ക്ഷേമനിധി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ആവശ്യമായ നിലപാട് സ്വീകരിക്കണം എന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) സർ, ചെറുകിട തോട്ടം മേഖലയിലുള്ള തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമനിധിയുടെ കരട് ബിൽ 10/2002-ൽ തന്നെ മന്ത്രിസഭ അംഗീകരിക്കുകയുണ്ടായി. അത് നടപ്പിലാക്കു
10 A.M.] ന്നതിന് ബന്ധപ്പെട്ടവരുമായിട്ട് ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ആ സാഹചര്യത്തിൽ നിലനിന്ന കാർഷികമേഖലയിലെ പ്രതികൂലമായ സാഹചര്യങ്ങൾ അതുമായിട്ട് സജീവമായിട്ട് മുന്നോട്ടു പോകുന്നതിന് കഴിയാത്ത സാഹചര്യം സൃഷ്ടിച്ചു. സാഹചര്യങ്ങൾ മെച്ചപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ വീണ്ടും അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly